## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3123** | **21.08.2017 ൽ മറുപടിയ്ക്ക്**

## പഞ്ചായത്ത് വകുപ്പിലെ ഔദ്യോഗിക വാഹനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ഡോ. കെ. ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | പഞ്ചായത്ത് വകുപ്പിന് കീഴിൽ വിവിധ ഓഫീസുകളിലായി എത്ര ഔദ്യോഗിക വാഹനങ്ങൾ ഉണ്ട്; ഈ വാഹനങ്ങൾക്കെല്ലാം ഡ്രൈവർമാരുടെ തസ്തിക നിലവിലുണ്ടോ; | എ) | 1236 ഔദ്യോഗിക വാഹനങ്ങളുണ്ട്. ഈ വാഹനങ്ങൾക്കെല്ലാം ഡ്രൈവർ തസ്തിക നിലവിലില്ല. |
| ബി) | ഡ്രൈവർ തസ്തികയുടെ എണ്ണവും ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടേയും താൽക്കാലിക/കരാർ ജീവനക്കാരുടേയും എണ്ണവും വെളിപ്പെടുത്തുമോ; | ബി) | ഡ്രൈവർ തസ്തികയുടെ എണ്ണം - 387<br>സ്ഥിരം ജീവനക്കാരുടെ എണ്ണം - 236<br>താൽക്കാലിക ജീവനക്കാരുടെ എണ്ണം - 793 |
| സി) | ഡ്രൈവർ ഗ്രേഡ് II എൽ.ഡി.വി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ പല ഓഫീസുകളിലും താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | വാഹനം ഉള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഗ്രാമപഞ്ചായത്തുകളിൽ അതാത് ഭരണസമിതിയുടെ തീരുമാന പ്രകാരം താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നുണ്ട്. |
| ഡി) | പഞ്ചായത്ത് വകുപ്പിൽ വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കുവാനും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി) | ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിന് അതാത് പഞ്ചായത്ത് ഭരണസമിതികൾ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പ്രൊപ്പോസലുകൾ ഉചിത മാർഗ്ഗേന സർക്കാരിൽ ലഭിക്കുമ്പോൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

4